പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനുമായി റോഡ് സുരക്ഷാ ബിൽ തയ്യാറായി വരുന്നുണ്ട്. വാഹന പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ല കളിലും ഗതാഗത വകുപ്പിന്റെ കീഴിൽ സ്കാഡുകൾ അനുവദിച്ചിട്ടുണ്ട്. റോഡ് സുരക്ഷ അവബോധം ഉളവാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 10 സ്കൂൾ/ കോളേജുകളിലായി റോഡുസുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ പാഠ്യപദ്ധതിയിൽ റോഡു സുരക്ഷാ പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. പോലീസ് വകുപ്പിന്റെ കീഴിൽ ഹൈവേ പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ അപകടം ഉണ്ടാകുന്ന മേഖല കണ്ടുപിടിച്ച് അപകട വിമുക്തമാക്കുന്നതിനുവേണ്ടി 2004 ഏപ്രിൽ 1 മുതൽ അപകട വിശകലന സോഫ്റ്റ് വെയർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തി യായി വരുന്നു. ഇത്തരം നടപടികളുടെ ഫലമായി അപകടങ്ങളുടെ നിരക്ക് കുറഞ്ഞു വരുന്നതായി അനുഭവപ്പെട്ട് തുടങ്ങിയിട്ടുണ്ട്.

യാചകശല്യം നിയന്ത്രിക്കുന്നതിന് നടപടി

106 [107] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ യാചകശല്യം പെരുകിവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സംജാതമാകുന്ന മോഷണം, പിടിച്ചുപറി, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ മറ്റു അനാശ്യാസ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അറുതി വരുത്തുവാൻ പോലീസ് എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്ന യാചകരുടെ വരവ് നിർത്തലാക്കാനും നഗരങ്ങളെ യാചകശല്യത്തിൽനിന്നും മോചിപ്പിക്കാനും സർക്കാർ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നഗരങ്ങളിൽ യാചകശല്യം പെരുകിവരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യാചകവൃത്തിയുടെ മറവിൽ നടക്കുന്ന കുറ്റകൃത്യങ്ങളെ കണ്ടെത്തി ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനായി പോലീസ് പട്രോളിംഗ്, സ്കാഡുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. യാചകർ കുട്ടികളാണെങ്കിൽ അവരെ "ചൈൽഡ് കെയർ യൂണിറ്റി"ലേക്ക് അയയ്ക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന യാചകരെ പിടികൂടി അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരിച്ച് അയയ്ക്കുന്നുണ്ട്.

പൊതു സ്ഥലങ്ങളിലെ അശ്ലീല പരസ്യങ്ങൾ തടയുന്നതിന് സംവിധാനം

107 [108] ശ്രീ. ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ അശ്ലീല പോസ്റ്ററുകൾ ഒട്ടിക്കുകയും ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നത് തടയാൻ നിലവിലുള്ള സംവിധാനമെന്തെല്ലാം;

(ബി) ഇത് ലംഘിച്ച് അശ്ലീല പരസ്യം നടത്തുന്നവർക്കെതിരെ എത്ര കേസുകൾ 2002-03 വർഷത്തിൽ എടുത്തിട്ടുണ്ട്;

(സി) എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി ആക്ടിലെയും കേരള പഞ്ചായത്ത് ആക്ടിലെയും വ്യവസ്ഥകൾക്ക് വിധേയമായാണ് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അനുവാദം നല്കി വരുന്നത്. അനധികൃതവും സഭ്യവുമല്ലാത്ത പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് ശിക്ഷാർഹമാണ്. ഇത്തരം പരസ്യങ്ങൾ നീക്കം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ അശ്ലീല സിനിമ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് തടയുന്നതിനായി 11-11-2003-ൽ 6945/ബി1/2003/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമം 292-ലെ ഇൻഡീസന്റ് റെപ്രസെന്റേഷൻ ഓഫ് വുമൺ (പ്രൊഹിബിഷൻ ആക്ട്) പ്രകാരം പോലീസിനും ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly